ക്രമപ്രശ്നം

ശ്രീ. എ.കെ. ബാലൻ: സർ, കുടിവെള്ള സ്വകാര്യവൽക്കരണത്തിന് കമ്പനി രൂപീകരിക്കാൻ 2012 ഡിസംബർ 31-ാം തീയതിയിലെ ഗവർണ്ണറുടെ ഉത്തരവുണ്ട്. ഇതിന്റെ ഭാഗമായി ഇന്ന് നിയമസഭയിൽ അവതരിപ്പിക്കുന്ന ജലവിഭവ റഗുലേറ്ററി അതോറിറ്റി ബില്ലും അക്ഷരാർത്ഥത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിക്കണം. 1986 ജൂലൈ മാസം 29-ാം തീയതി നിയമസഭ പാസ്സാക്കിയ കേരളാ വാട്ടർ സപ്ലൈ ആന്റ് സ്വിവറേജ് ആക്ട് 1986-ന് വിരുദ്ധമാണിത്. കേരള വാട്ടർ അതോറിറ്റിയും ജലവിഭവ റഗുലേറ്ററി അതോറിറ്റിയും രണ്ട് സ്റ്റാറ്റ്യൂട്ടറി ബോഡികളായി ഇപ്പോൾ നിലവിൽ വരികയാണ്. വെള്ളവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വിതരണത്തിന്റെ താരിഫ് നിശ്ചയിക്കുന്നതിന് രണ്ട് അതോറിറ്റിയാണ് ഇപ്പോൾ നിലവിൽവരുന്നത്. യഥാർത്ഥത്തിൽ കേരളാ വാട്ടർ അതോറിറ്റിയെ ഇല്ലാതാക്കികൊണ്ടായിരുന്നു ഈ നിയമം കൊണ്ടുവരേണ്ടത്, എന്ന് പറഞ്ഞാൽ നാട്ടിൽക്കൂടി നടക്കാൻ പറ്റില്ലെന്നുള്ളതുകൊണ്ട് അതുമുണ്ട്, ഇതുമുണ്ട് എന്നാണിപ്പോൾ പറയുന്നത്. കേരള വാട്ടർ സ്പ്ലൈ ആന്റ് സ്വിവറേജ് ആക്ട് 1986-ന്റെ പവേഴ്സ് ഓഫ് ദി അതോറിറ്റി സ്പീക്കർ സർ ഒന്നു നോക്കണം. ഇന്ന് അവതരിപ്പിക്കുന്ന ഈ ബില്ലിന്റെ പവേഴ്സും നോക്കിയാൽ ഈക്വൽ ആണ്. ഏതാണ് ഇതിൽ ഉദ്യോഗസ്ഥന്മാർ കംപ്ലൈ ചെയ്യേണ്ടത്? ഒന്നുകിൽ നിങ്ങൾ കേരളാ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സകലമാന കാര്യങ്ങളും റിപ്പീൽ ചെയ്തിട്ട് ഈ നിയമം കൊണ്ടുവരണം. ഇവിടെ എന്താണ് സംഭവിക്കാൻ പോകുന്നത്; ഇന്ന് ആയിരം ലിറ്റർ വെള്ളത്തിന് 4.5 രൂപ കൊടുക്കേണ്ടിടത്ത്

250 രൂപയാകാൻ പോകുന്നു. ഇവിടെ GIM –ന്റെ ഭാഗമായി പെരിയാറിലെ വെള്ളവും മലമ്പുഴയിലെ വെള്ളവും സ്വകാര്യവൽക്കരിക്കാൻ അന്ന് തീരുമാനിച്ച സമയത്ത് സർ കൂടി അതിനെതിരായി പ്രതികരിച്ച ഒരാളാണ്. പാലക്കാട് ഞങ്ങൾ ആയിരകണക്കിന് ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടാണ് മലമ്പുഴ ഡാമിലെ വെള്ളം വിൽക്കാൻ സമ്മതിക്കില്ലെന്ന് പറഞ്ഞത്. അന്ന് കേരള ഗവൺമെന്റ് Expression of Interest വിളിച്ചതാണ്. ആ പ്രതിഷേധത്തിന്റെ അഗ്നിജ്വാലയിലാണ് ടെണ്ടർ നടപടികൾ ഇല്ലാതായത്. ഇപ്പോൾ വരൾച്ചയിൽ ജനങ്ങളാകെ ബുദ്ധിമുട്ടുകയാണ്. കുടിക്കാൻ വെള്ളമില്ല. ഒരു ലിറ്റർ വെള്ളത്തിന് 16 രൂപവരെയായിരിക്കുകയാണ്. അത് നാട്ടുകാരോട് പറഞ്ഞാൽ തല്ലുകിട്ടുമെന്നുള്ളതുകൊണ്ട് ആ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ടുകൊണ്ടൊന്നും ഇതിനെ ബാധിക്കില്ലെന്ന് പറയുകയാണ്. പിന്നെ എന്തിനാണ് ഈ കമ്പനി? അതുകൊണ്ട് ഈ രണ്ട് സംഭവങ്ങൾ കുടിവെള്ള സ്വകാര്യവൽക്കരണവുമായി ബന്ധപ്പെട്ടുകൊണ്ട് 2012 ഡിസംബർ 31–ന്റെ ഗവൺമെന്റ് ഉത്തരവും ഇന്ന് നിയമസഭയിൽ അവതരിപ്പിക്കുന്ന റഗുലേറ്ററി അതോറിറ്റി ബില്ലും ഒരു രൂപത്തിലും കേരള വാട്ടർ സപ്ലൈ ആന്റ് സ്വിവറേജ് ആക്ട് 1986 നിലനിൽക്കുമ്പോൾ കൊണ്ടുവരാൻ പറ്റില്ല, ഇത് ഭരണഘടനാവിരുദ്ധവും നിയമസഭയോട് കാട്ടുന്ന അവഗണനയുമാണ്. ഇതിനെ ബഹുമാനപ്പെട്ട സ്പീക്കർ, ഞാൻ പല പോയിന്റ് ഓഫ് ഓർഡർ കൊണ്ടുവന്നാലും വളരെ നിയമപരമായി അങ്ങ് പറയാറുണ്ട്. പക്ഷേ ഇവിടെ വന്നുകഴിഞ്ഞാൽ നേരെ തലതിരിയും. അപ്പോൾ ഈ കാര്യത്തിലെങ്കിലും..

മി. സ്പീക്കർ: അത് ശരിയല്ല. ആ സ്റ്റേറ്റ്മെന്റ് തന്നെ ശരിയല്ല.. ഇവിടെ സ്പീക്കർ ഏതെങ്കിലും റൂളിംഗ് തന്നിട്ടുണ്ടെങ്കിൽ അതെല്ലാം നിയമ

ത്തിന്റേയും നിയമപുസ്തകങ്ങളുടെയും ചട്ടങ്ങളുടെയും കീഴ് വഴക്കങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമാണ്.

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, അത് ചെയറിൽ ഇരിക്കുമ്പോൾ കറക്ടാണ്. പക്ഷെ ചെയറിൽ നിന്നുപോയാൽ സർ ഇത് കറക്ടാണെന്നു പറയും. അതുകൊണ്ട് എല്ലാ കാര്യങ്ങളും ഒന്ന് നോക്കിയതിനുശേഷം ഈ ബില്ലിന്റെ അവതരണാനുമതി കൊടുത്താൽ മതിയെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u>: സർ, ബഹുമാനപ്പെട്ട എ. കെ. ബാലൻ ഇവിടെ പറഞ്ഞ കാര്യം യാഥാർത്ഥ്യവുമായി ഒരു ബന്ധവുമില്ലാത്തതാണ്. കുപ്പിവെള്ളം വിതരണത്തിലുടെ ഇന്ന് ജനങ്ങളെ കൊള്ളയടിക്കുകയാണ്. അതിന്റെ പത്തിലൊന്ന് വിലയ്ക്ക് ജനങ്ങൾക്ക് ഏറ്റവും പ്രയോജനകരമായ രീതിയിൽ വെള്ളം കുപ്പികളിൽ വിതരണം ചെയ്യുന്നതിന് ഒരു കമ്പനി രൂപീകരിച്ചു. അതിവിടെ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. അതനുസരിച്ച് കമ്പനി രൂപീകരിച്ചു. അത് സ്റ്റാറ്റ്യൂട്ടറി ബോഡിയല്ല. അതൊരു കമ്പനിയാണ്. അതിന്റെ ചെയർമാൻ വാട്ടർ റിസോഴ്സസ് മിനിസ്റ്ററാണ്. അതിനകത്ത് വാട്ടർ അതോറിറ്റിയുടെ രണ്ടുപേർ ഡയറക്ടർ ബോർഡ് മെമ്പർമാരാണ്. അതിനകത്ത് ഗവൺമെന്റ് ഉദ്യോഗസ്ഥരുമുണ്ട്. നമുക്ക് നല്ല ആശയങ്ങൾ വന്നാൽ അത് സ്വീകരിക്കേണ്ടന്നുണ്ടോ? വാട്ടർ അതോറിറ്റിയുടെ, പൊതുജനങ്ങൾക്ക് വെള്ളം വിതരണം ചെയ്യുന്ന ഒരു പരിപാടിയിലും ഈ കമ്പനിക്ക് ഒരു സ്ഥാനവുമില്ല. പോർട്ടബിൾ വാട്ടറിന് ഇന്ന് ക്രമാതീതമായി വില വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വളരെ കുറച്ച് വിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കുന്ന ഒരു സാഹചര്യം ഉണ്ടാക്കുന്നത് തെറ്റാണോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഇത് ഇവിടെ പല പ്രാവശ്യമായി ഈ നിയമസഭയിൽ പറയുന്നു. രണ്ടുമാസം മുമ്പ് ഇറക്കിയ ഈ കമ്പനി രൂപീകരിക്കാനുള്ള ഉത്തരവ് പിൻവലിച്ചതിനുശേഷമാണ് ഇത് പറയുന്നതെങ്കിൽ മനസ്സിലാക്കാം. ആ ഉത്തരവ് ഇന്ന് നിലവിലുണ്ട്. ആ ഉത്തരവിൽ ഈ കമ്പനിയുടെ ലക്ഷ്യമെന്ന് പറഞ്ഞിരിക്കുന്നത് ഇപ്പോൾ സർ പറഞ്ഞതല്ല. അതിനുപകരം ഇത് കേരളത്തിൽ കുടിവെള്ളം നൽകാനുള്ള നോഡൽ ഏജൻസിയായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആ ഉത്തരവ് അങ്ങ് നിയമസഭയിൽ ഔപചാരികമായി വയ്ക്കണം. എന്നിട്ട് ആ ഉത്തരവിൽ എന്താണെന്ന് നോക്കണം.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, പോർട്ടബിൾ വാട്ടറിന്റെ അർത്ഥമെന്താണ്?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, പോർട്ടബിൾ വാട്ടർ എന്നു പറഞ്ഞാൽ ഡ്രിങ്കിംഗ് വാട്ടർ ആണ്.

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, അത് വിതരണം ചെയ്യുന്നതിനുള്ള സംവിധാനമാണ്. അതിന് മറ്റ് കുടിവെള്ള പദ്ധതിയുമായിട്ടൊരു ബന്ധവുമില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ഇത് ഗവൺമെന്റ് ഇറക്കിയ ഉത്തരവിന്റെ കോപ്പിയാണ്. 31.12.2012-ൽ ഇറക്കിയ ഉത്തരവിൽ പറയുന്നത് ‘The Government in Budget speech and in the one year action plan have announced that the action will be taken to establish a limited company name Kerala Drinking Water Supply Company Limited on CIAL Model as a single nodal agency for constructing, developing, maintaining and operating community based water filtration and drinking water supply

plans across the State of Keala' എന്നാണ്. കേരളം മുഴുവൻ ഇത് വിതരണം ചെയ്യുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെയാണെങ്കിൽ ഇപ്പോൾ ഈ കുടിവെള്ളത്തിന്റേ വിതരണത്തിനാണെങ്കിൽ വാട്ടർ അതോറിറ്റിയെതന്നെ ഏൽപ്പിച്ചാൽ പോരേ; അതിനെന്തിനാണ് വേറൊരു കമ്പനി? മാത്രമല്ല, ഡയറക്ടർ ബോർഡിൽ അങ്ങുപറഞ്ഞതുപോലെയുള്ള ഉദ്യോഗസ്ഥർ മാത്രമല്ല 'shareholders having share greater than three crores' എന്നാണ്; 3 കോടി രൂപയിലധികം ഷെയർ എടുക്കുന്ന ഏതൊരാൾക്കും ഈ ഡയറക്ടർ ബോർഡിൽ മെമ്പറാകാം. 3 കോടി രൂപവീതമെടുത്താൽ സ്വകാര്യ വ്യക്തികൾ ധാരാളമായി ഇതിൽ കടന്നുകൂടും. അപ്പോൾ കുത്തക മുതലാളിമാരുടെ കൈയിൽ കുടിവെള്ളമേൽപ്പിക്കുക എന്ന ലക്ഷ്യമല്ലേ നിങ്ങൾക്കുള്ളത്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, സിയാൽ മോഡൽ കമ്പനി എന്നാണ് പറഞ്ഞിരിക്കുന്നത്. ഗവൺമെന്റിന് പൂർണ്ണമായ കൺട്രോൾ ഉണ്ട്. 4 കമ്പനികളാണ് ബഡ്ജറ്റ് സ്പീച്ചിൽ വിഭാവനം ചെയ്തത്. വകുപ്പുമന്ത്രിമാരാണ് ഈ കമ്പനികളുടെയൊക്കെ ചെയർമാൻ. എറണാകുളത്തെ ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈ സ്കീം നിറുത്തലാക്കിയതിൽ നിങ്ങൾ അഭിമാനംകൊണ്ടു. ഞാൻ ശ്രീ. എ. കെ. ബാലനോട് ചോദിക്കട്ടെ, എറണാകുളത്ത് ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈ സ്കീം വന്നിരുന്നുവെങ്കിൽ ഇന്ന് എറണാകുളത്തെ പൊതുജനങ്ങൾക്ക് കുടുവെള്ളത്തിന് ക്ഷാമം വരുമായിരുന്നോ? എന്തിനാണ് സാധാരണക്കാരന് കൊടുക്കുന്ന റേറ്റിൽ ഫൈവ്സ്റ്റാർ ഹോട്ടലുകൾക്ക് വെള്ളം

കൊടുക്കേണ്ടത്; ഇൻഡസ്ട്രിയൽ യൂണിറ്റിനെന്തിനാണ് വെള്ളം കൊടുക്കുന്നത് ? അവർ പണംകൊടുത്ത് വാങ്ങട്ടെ. .......(തടസ്സം)......

<u>മി. സ്പീക്കർ</u>: നോ....നോ.... മുഖ്യമന്ത്രി മറുപടി പറയുകയാണ്. അതൊക്കെ ബില്ലിന്റെ ചർച്ചയിലാകാം. നോ...നോ... (ബഹളം)....അതിനൊക്കെ ഒരോ ചിട്ടയൊക്കെയുണ്ട്. പ്ലീസ്. .

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ഇതിന്റെ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ഇവിടത്തെ സാധാരണക്കാരായ ജനങ്ങളാണ്. ഇവിടത്തെ മുഴുവൻ ജനങ്ങൾക്കും ശുദ്ധമായ കുടിവെള്ളം കൊടുക്കുവാനുള്ള സംവിധാനം വേണം. ആ സംവിധാനം വരണമെങ്കിൽ ഇവിടത്തെ സാധാരണക്കാർക്ക്, പാവപ്പെട്ടവർക്ക് വെള്ളം കൊടുക്കുമ്പോൾ ഇവിടത്തെ വൻകിട വ്യവസായ സ്ഥാപനങ്ങൾക്കും, ഫൈവ്സ്റ്റാർ ഹോട്ടലുകൾക്കുമൊക്കെ സബ്സിഡൈസ്ഡ് റേറ്റിലല്ല വെള്ളം കൊടുക്കേണ്ടത്. അവർ പണംകൊടുത്ത് വാങ്ങട്ടെ. ആ സ്കീം വന്നിരുന്നുവെങ്കിൽ ഇന്ന് എറണാകുളത്ത് ഈ ബുദ്ധിമുട്ട് വരുമായിരുന്നില്ല. ഇന്ന് വരൾച്ച രൂക്ഷമായ സമയമാണ്. ലോറിയിൽ വെള്ളംകൊണ്ടിറക്കുകയാണ്. എത്രരൂപയാണ് അതിനുവേണ്ടി ചെലവാക്കേണ്ടിവരുന്നത്. എത്രമാത്രം ബുദ്ധിമുട്ടാണുണ്ടാകുന്നത്. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് വെസ്റ്റ് ബംഗാളിൽ ഈ സ്കീം ഇംപ്ലിമെന്റ് ചെയ്തതാണ്. അത് കഴിഞ്ഞ പ്രാവശ്യം ഞാനിവിടെ പറഞ്ഞു. ഇനിയും നിങ്ങളുമായി ഏത് ചർച്ചയ്ക്കും തയ്യാറാണ്. പൊതുജനങ്ങൾക്ക് വെള്ളം വിതരണം ചെയ്യുന്ന വാട്ടർ അതോറിറ്റിയുടെ ആ സ്കീമിന് ഒരു തടസ്സവുമുണ്ടാകില്ല, ഒരു ബുദ്ധിമുട്ടുമുണ്ടാകില്ല. പക്ഷെ അതിനപ്പുറത്തേയ്ക്ക് കുടിവെള്ളത്തിന്റെ പേരിൽ ഇന്ന് നടക്കുന്ന ചൂഷണം അവസാനിപ്പിക്കാൻ ശുദ്ധമായ വെള്ളം കുറഞ്ഞ വിലയ്ക്ക്, അത് വാങ്ങിക്കാൻ കഴിവുള്ളവർക്ക് എത്തിച്ചുകൊടുക്കു

ന്നതിനുവേണ്ടിയിട്ടുള്ള ഒരാശയമാണ്. അത് മറ്റുപല സംസ്ഥാനങ്ങളും സ്വീകരിച്ചിട്ടുണ്ട്. ഇടതുപക്ഷം വെസ്റ്റ് ബംഗാൾ ഭരിച്ചിരുന്ന കാലത്ത് അവിടെയും ഇത് നടപ്പിലാക്കിയതാണ്. അതിന്റെ മോഡൽ കൂടി എടുത്തിട്ടാണ് ഞങ്ങൾ ഈ സ്കീം കൊണ്ടുവന്നത്. ഇത് ഏത് സമയത്തുവേണമെങ്കിലും നിങ്ങളുമായി ചർച്ച ചെയ്യാം. ഇതിന്റെപേരിൽ നിങ്ങൾ ഇങ്ങനെയൊരു സമീപനമെടുക്കരുത് എന്നാണ് എനിക്ക് പറയാനുള്ളത്. .

മി. സ്പീക്കർ: ശ്രീ. സി. കെ. നാണു, ........(ബഹളം).... നോ.....നോ.... പ്ലീസ്.... ഞാനൊന്നു പറയട്ടെ ശ്രീ. എ. കെ. ബാലൻ. അങ്ങ് അവതരിപ്പിച്ചു കഴിഞ്ഞു.

ശ്രീ.എ.കെ.ബാലൻ: സർ, ഒരു ക്ലാരിഫിക്കേഷൻ നടത്താനുണ്ട്.

മി. സ്പീക്കർ: ക്രമപ്രശ്നത്തിന് ക്ലാരിഫിക്കേഷനുണ്ടോ?

ശ്രീ. എ.കെ. ബാലൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തമ വിശ്വാസത്തോടുകൂടി പറഞ്ഞ കാര്യത്തോട് യാതൊരു അസംതൃപ്തിയും ഞങ്ങൾക്കില്ല. പക്ഷെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ബിൽ ഒന്ന് വായിക്കണം. ഒരൊറ്റ കാര്യം ഞാൻ പറയാം. 13–ാം വകുപ്പിൽ 'ജലവിഭവ പദ്ധതികൾക്ക് ഒരു വാട്ടർ താരിഫ് സംവിധാനം സ്ഥാപിക്കുകയും വിവിധ തലങ്ങളിലുള്ള ഗാർഹികവും ജലസേചനവും വ്യാവസായികവുമായ അങ്ങനെയുള്ള വ്യത്യസ്ത ഉപഭോക്താക്കൾക്കുവേണ്ടി വാട്ടർ ചാർജിന്റെ മാനദണ്ഡം നിശ്ചയിച്ചുകൊടുക്കുക' എന്നു പറഞ്ഞുകഴിഞ്ഞാൽ താരിഫ് നിശ്ചയം തന്നെയാണ്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ഇപ്പോൾ റെഗുലേറ്ററി അതോറിറ്റിയുണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാമല്ലോ. അവരല്ലേ താരിഫ് നിശ്ചയിക്കുന്നത്. അതുപോലെതന്നെ വാട്ടർ അതോറിറ്റി

യുടെ മുകളിലാണ് ഇതു വരുന്നത് എന്ന കാര്യത്തിൽ യാതൊരു സംശവയും വേണ്ട.

മി. സ്പീക്കർ: ശ്രീ. സി.കെ. നാണു, അങ്ങ് ചുരുക്കി പറയണം.

ശ്രീ. സി.കെ. നാണു: സർ, ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ബിൽ അവതരിപ്പിക്കുന്നുവെന്ന് പറഞ്ഞശേഷം ഇവിടെ അംഗങ്ങൾക്ക് വിതരണം ചെയ്ത കുറിപ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വായിച്ചുനോക്കണം. അതിൽ പറഞ്ഞിരിക്കുന്നത് ഉപയോഗം സുഗമമാക്കുന്നതിനും വാട്ടർ താരിഫ് തീരുമാനിക്കുന്നതിനും എന്നാണ്. താങ്കൾ പറഞ്ഞ കുപ്പിവെള്ളത്തിന്റെ വിലയുമായി ബന്ധപ്പെട്ടതല്ല. ഈ സഭയെ തെറ്റിദ്ധരിപ്പിക്കരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എന്റെ വിനീതമായ അഭ്യർത്ഥന ഇത് വളരെ അപകടകരമായ ഒന്നാണ്. കേരളത്തിലെ ജനങ്ങളുടെ കുടിവെള്ളത്തിന്റെ വില, ഇത് സാധാരണ നിലയ്ക്കുള്ള ഒരു ബില്ലുപോലെയല്ല. പാർലമെന്റിൽ ചെറുകിട കർഷകരുടെ പ്രശ്നം വന്നപ്പോൾ എല്ലാ കക്ഷിക്കാരും ഒരുമിച്ചുനിന്ന് ആ ബില്ല് താല്ക്കാലികമായി മാറ്റിവച്ചതുപോലെ ഈ വെള്ളത്തിന്റെ താരിഫും സകലതും 3 കോടി രൂപകൊടുത്ത് ഷെയർ എടുക്കുന്ന കുത്തകക്കാർക്ക് ഇഷ്ടംപോലെ കൊള്ളലാഭമുണ്ടാക്കാനുള്ളതാക്കി മാറ്റരുത്. അതുകൊണ്ട് ഇതൊന്ന് വായിച്ചുനോക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇവിടെ ശ്രീ. എ.കെ. ബാലൻ രണ്ടുകാര്യം പറഞ്ഞു. അതിൽ ഒരു കാര്യത്തിനാണ് ഞാൻ മറുപടി പറഞ്ഞത്. അതായത് കുപ്പിവെള്ളം കൊടുക്കുന്നതിനുവേണ്ടിയിട്ടുള്ള കമ്പനി രൂപീകരണത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. റെഗുലേറ്ററി അതോറിറ്റി ഓർഡിനൻസ് മറ്റൊരു ഇഷ്യൂ ആണ്. ......(തടസ്സം).......

മി. സ്പീക്കർ: ആയിക്കോട്ടെ. മുഖ്യമന്ത്രി സംസാരിച്ചുകൊണ്ടുനിൽക്കുകയല്ലേ.

ശ്രീ. ജി. സുധാകരൻ: സർ, ഇതിന്റെ വകുപ്പുമന്ത്രി പ്രതിമയ്ക്ക് താഴെയിരിക്കുന്ന രോഗിയെപ്പോലെ, പേഷ്യന്റ് അണ്ടർ മോണിമെന്റ് എന്ന് ഷേക്സ്പിയർ പറഞ്ഞതുപോലെ ഇവിടെ ഇങ്ങനെയിരിക്കുകയാണ്. എന്താണ് അദ്ദേഹം ഒന്നും മിണ്ടാത്തത്?

മി. സ്പീക്കർ: അദ്ദേഹം പറയും. ......(തടസ്സം).......

ശ്രീ. ജി. സുധാകരൻ: എപ്പോഴാണ് പറയുന്നത്? ......(തടസ്സം).......

മി. സ്പീക്കർ: അതാണ് കുഴപ്പം. ശ്രീ. ജി. സുധാകരൻ നിങ്ങൾ ശ്രദ്ധിക്കാത്തതുകൊണ്ടാണ്. ക്രമപ്രശ്നം അവതരിപ്പിച്ചുകഴിഞ്ഞാൽ സാധാരണ ഞാൻ ചർച്ചയ്ക്ക് സമ്മതിക്കാറില്ല. ചർച്ച വന്നിട്ടുതന്നെ ശ്രീ. എ.കെ. ബാലൻ ചോദിച്ചു അങ്ങ് എന്താണ് അക്ഷമനായിരിക്കുന്നതെന്ന്. എനിക്കൊരക്ഷമയുമില്ല. എന്റെ അക്ഷമയുടെ പ്രശ്നമല്ലിത്. ഇവിടെ ശ്രീ.സി.കെ.നാണുവും ശ്രീ. കോടിയേരി ബാലകൃഷ്ണനും സംസാരിച്ചു. മുഖ്യമന്ത്രി ഇടപെട്ടു. ഏറ്റവും അവസാനം ചെയറിന്റെ റൂളിംഗിന് തൊട്ടുമുമ്പായി സംസാരിക്കേണ്ടത് ബില്ല് പൈലേറ്റ് ചെയ്യുന്ന മന്ത്രിയാണ്. അദ്ദേഹത്തിന്റെ സമയം വരുന്നതേയുള്ളൂ.

ശ്രീ. ഉമ്മൻ ചാണ്ടി: ശ്രീ. ജി. സുധാകരൻ, അങ്ങ് ഇവിടെ ഒരു കാര്യം ശ്രദ്ധിച്ചില്ല. മന്ത്രി ഇതിന് മറുപടി പറയാനായി എഴുന്നേറ്റതാണ്. അദ്ദേഹത്തിന്റെ മറുപടിക്കപ്പുറത്ത് ഒരു കാര്യം കൂടി ശ്രീ. എ.കെ. ബാലൻ ഉന്നയിച്ചു. അതിന് ഞാൻ മറുപടി പറയാൻ എഴുന്നേറ്റു. അദ്ദേഹത്തോട് ഞാൻ പറഞ്ഞതിനുശേഷം മറ്റ് കാര്യം പറയാൻ പറഞ്ഞു. അല്ലാതെ അദ്ദേഹം എഴുന്നേൽക്കാതിരുന്നിട്ടല്ല.

ഡോ. ടി.എം. തോമസ് ഐസക്: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ കമ്പനി, കുപ്പിവെള്ളം കൊടുക്കാനുള്ള കമ്പനിയാണെന്ന് അദ്ദേഹം പലവട്ടം പറഞ്ഞു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ അതല്ല എന്ന് സർക്കാർ ഉത്തരവ് ഉദ്ധരിച്ചുകൊണ്ട് സ്ഥാപിച്ചു. നിരന്തരമായി വസ്തുതാ വിരുദ്ധമായ നിലപാട് ........വസ്തുതയാണ്, ഒപ്പീനിയനല്ല, സഭയുടെ മുന്നിൽ ഡോക്യുമെന്റുണ്ട്. അങ്ങനെ പറയുന്നത് ശരിയാണോ? അങ്ങ് ഇതുസംബന്ധിച്ച് പരിശോധിച്ച് എന്താണ് ഉത്തരവിൽ പറയുന്നതെന്ന് സഭയിൽ പറയുമോ?

മി. സ്പീക്കർ: ഇതിനകത്ത് ഒരു പോയിന്റിന്റേയും പ്രശ്നമില്ല. മുഖ്യമന്ത്രി സംസാരിച്ചുകഴിഞ്ഞല്ലോ.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഈ ബിൽ കൊണ്ടുവന്നതിന്റെ ഉദ്ദ്യേശകാര്യങ്ങളുടെ വിവരണത്തിൽ വളരെ വ്യക്തമായി കൊടുത്തിട്ടുണ്ട്, 13–ാം ധനകാര്യ കമ്മീഷൻ ഓരോ സംസ്ഥാനത്തിനകത്തെയും ജലവിഭവങ്ങളുടെ ഫലപ്രദമായ ഉപയോഗം സുഗമമാക്കുന്നതിനും വാട്ടർ താരിഫ് തീരുമാനിക്കുന്നതിനുമായി ഒരു റെഗുലേറ്ററി അതോറിറ്റിയുണ്ടാക്കണമെന്ന് ശുപാർശ ചെയ്തിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. കുപ്പിവെള്ളത്തിന്റെ കാര്യത്തിനുള്ള മറുപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞുകഴിഞ്ഞു. ഞാൻ അതിലേക്ക് കടക്കുന്നില്ല. ഇത് എല്ലാ സംസ്ഥാനങ്ങൾക്കുമായിട്ടുള്ള ഡയറക്ഷനാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഓർഡിനൻസ് കൊണ്ടുവന്നിരിക്കുന്നത്. ഇവിടെ ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച പ്രശ്നം, കേരളാ വാട്ടർ സപ്ലൈ ആന്റ് സ്വിവറേജ് ആക്ട്, 1986 പ്രകാരം വിതരണം ചെയ്യുന്ന ജലത്തിന്റെ വില നിശ്ചയിക്കാൻ നിയമസഭ കേരളാ വാട്ടർ അതോറിറ്റിക്ക് ഭര

ണഘടനാപരമായി അധികാരം നൽകിയിരിക്കുകയാണ്. താരിഫ് നിശ്ചയിക്കുന്നതിനുള്ള അധികാരം വാട്ടർ റിസോഴ്സസ് റെഗുലേറ്ററി അതോറിറ്റിയിലേക്ക് മാറ്റുകയാണ്. അത് കൊണ്ടുവരുമ്പോൾ കേരളാ വാട്ടർ സപ്ലൈ ആന്റ് സിവറേജ് ആക്ടിലെ കാര്യം implied repeal–ആകും. അത് വളരെ ക്ലിയറാണ്.

<u>ശ്രീ. എ. കെ. ബാലൻ</u>: ........... (മൈക്ക് ഓഫ്)......... അത് ഈ ബില്ലിൽ പറഞ്ഞിട്ടില്ല.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, അത് പ്രത്യേകം ബില്ലിൽ പറയേണ്ട കാര്യമില്ല. അത് implied repeal ആണ്. .......(ബഹളം)......... ശ്രീ. എ. കെ. ബാലൻ ഉന്നയിച്ച പ്രശ്നത്തിനുള്ള മറുപടിയാണ് ഈ ബിൽ ഇവിടെ പാസ്സാകുമ്പോൾ ഇത് ഓട്ടോമാറ്റിക്കായി implied repeal ആകും.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ..........

<u>മി. സ്പീക്കർ</u>: ക്രമപ്രശ്നത്തിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു കഴിഞ്ഞു. നോ.... നോ....., ശ്രീ. വി. എസ്. സുനിൽ കുമാർ....., ചെയറിന്റെ റൂളിംഗ് പറയുകയാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ,

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, implied repeal ആകണമെങ്കിൽ Not withstanding anything contained in this Act എന്ന ഒരു clause ഈ ബില്ലിൽ പറയണം. അങ്ങനെയൊരു clause ഇതിലില്ല. ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ വിശദീകരിച്ചതുപ്രകാരമുള്ള ഒരു വാക്ക് ഈ ബില്ലിലില്ല. അങ്ങനെയാണെങ്കിൽ ആ വകുപ്പ് ഇതിൽ ചേർക്കണം. അത് ചേർക്കുന്നില്ലെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് നിലനിൽക്കില്ല. മന്ത്രി പറയുന്നത്

നിയമമല്ല, നിയമസഭയ്ക്കേ നിയമനിർമ്മാണത്തിന് അധികാരമുള്ളൂ. മന്ത്രി ഓറലായി പറഞ്ഞാൽ അത് എങ്ങനെയാണ് നിയമമാകുന്നത്? ആ clause ഈ ബില്ലിൽ വേണം. Repeal clause ഇതിൽ ഉൾപ്പെടുത്തണം.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, വാട്ടർ അതോറിറ്റിയുടെ അധികാരം implied repeal ആകുമെന്നുമുള്ള നിയമോപദേശമാണ് ലഭിച്ചിരിക്കുന്നത്. ..........(ബഹളം)...........

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ..........

<u>മി. സ്പീക്കർ</u>: ചെയർ പറയട്ടെ, പ്ലീസ്...... പ്ലീസ്......., ഒരുപാടുപേർക്ക് ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്, ശ്രീ. വി. എസ്. സുനിൽ കുമാർ, Please sit down. ഞാനൊരു കാര്യം പറയാം, ഇതൊന്നും ശരിയല്ല. നിങ്ങളോരോരുത്തരും ഒരു കാര്യം പറയണമെന്നുപറഞ്ഞ്......, ഇങ്ങനെയാണോ? നിയമസഭയിൽ പരിചയവും തഴക്കവുമുള്ള എം.എൽ.എ.–മാർ ഓരോരുത്തരായി എഴുന്നേറ്റുനിന്ന്.......,

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: ...... (മൈക്ക് ഓഫ്) ...... സർ, ഒരു പ്രധാനപ്പെട്ട കാര്യമാണ്.

<u>മി. സ്പീക്കർ</u>: എല്ലാം പ്രധാനപ്പെട്ടതുതന്നെയാണ്. ബില്ലിന്റെ വിശദമായ ചർച്ച വരികയാണ്. ഇത് ലാസ്റ്റ് മറുപടിയല്ലല്ലോ.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരമാണ് ഈ ബിൽ കൊണ്ടുവരുന്നതെന്ന് പറയുകയുണ്ടായി. ഇന്ത്യൻ ഭരണഘടനയുടെ 17–ാമത്തെ ഇനമായി ജലത്തെ സ്റ്റേറ്റ് ലിസ്റ്റിൽപ്പെടുത്തിയിട്ടുണ്ട്. സ്റ്റേറ്റ് ലിസ്റ്റിൽപ്പെട്ടിട്ടുള്ള വിഷയങ്ങളുടെ നിയമനിർമ്മാണാധികാരം

സംസ്ഥാന നിയമസഭയ്ക്കാണ്. അത് കേന്ദ്ര ഗവൺമെന്റിന്റെ പരിധിയിലാക്കണമെന്നുപറഞ്ഞാൽ അത് കൺകറണ്ട് ലിസ്റ്റിലാക്കാൻവേണ്ടിയുള്ള വളരെ ഗൂഢമായ നീക്കമാണ്.

മി. സ്പീക്കർ: പ്ലീസ്.........പ്ലീസ്........., ചെയറിന് സഭ നടത്തിക്കൊണ്ടു പോകണം. ബിൽ അവതരിപ്പിക്കാൻ മന്ത്രിക്ക് സമയം കൊടുക്കണം. അതിന് അവിടെയിരുന്നുകൊണ്ട് നിങ്ങൾ അക്ഷമ കാണിച്ചിട്ട് കാര്യമില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, എഴുതി നൽകാത്തവർക്ക് പറയാൻ അനുവാദമുണ്ടെങ്കിൽ ഞങ്ങൾക്കും അത് വേണമെന്നാണ് പറഞ്ഞത്.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ, ചെയർ അങ്ങനെ പലപ്പോഴും അനുവദിച്ചിട്ടുണ്ട്. നിങ്ങൾ ആരെങ്കിലും പറയാൻ അവസരം ചോദിച്ചോ; ചോദിച്ചില്ലല്ലോ.

ശ്രീ. വി. എസ്. സുനിൽ കുമാർ: ...... (മൈക്ക് ഓഫ്)...... സർ, സഭയിൽ സംസാരിക്കാൻ എല്ലാവർക്കും ഒരുപോലെ അവകാശമുണ്ട്. ശ്രീ. വി. ഡി. സതീശന് മൈക്ക് കൊടുത്തല്ലോ. ******[1]മാത്രമേ മൈക്ക് കൊടുക്കുകയുള്ളോ?

മി. സ്പീക്കർ: എന്താണ് ഈ പറയുന്നത്; എപ്പോഴാണ് മൈക്ക് കൊടുത്തത്? പ്ലീസ്....... പ്ലീസ്....., എഴുതാത്തപുറം വായിക്കരുത്.

ശ്രീമതി കെ. കെ. ലതിക: ...... (മൈക്ക് ഓഫ്) ......

മി. സ്പീക്കർ: എന്താണ് ശ്രീമതി കെ. കെ. ലതിക, എന്താണ് പറഞ്ഞത്; ചെയർ ഇവിടെ ആർക്കെങ്കിലും മൈക്ക് കൊടുക്കാൻ പറഞ്ഞോ? നിങ്ങൾ കുറേപേർ സംസാരിച്ചതിനാണ് അവർ ഒബ്ജക്ഷൻ പറഞ്ഞത്. ആ ഒബ്ജക്ഷനിൽ കാര്യമില്ല. ശ്രീ. കെ. ശിവദാസൻ നായർ, നിങ്ങൾ ആരെങ്കിലും എണീ

---

[1] രേഖയിൽ നിന്നും നീക്കം ചെയ്തു.

റ്റോ, കൈ കാണിച്ചോ, ഈ ഡിസ്ക്കഷനിൽ പങ്കെടുക്കണമെന്ന് നിങ്ങൾ പറഞ്ഞോ; ഇല്ലല്ലോ. നിങ്ങൾ ആരെങ്കിലും കൈ കാണിച്ചശേഷവും നിങ്ങൾക്ക് പറയാൻ അവസരം നൽകിയില്ലെങ്കിൽ നിങ്ങൾ പറയുന്നത് ശരിയാണ്.

ശ്രീ. കെ. ശിവദാസൻ നായർ: ...... (മൈക്ക് ഓഫ്)...... സർ, ഞങ്ങളും സംസാരിക്കുന്നതിന് അവസരം ചോദിച്ചിരുന്നു.

മി. സ്പീക്കർ: ഇല്ല...., അങ്ങനെയാണെങ്കിൽ നമുക്ക് ഇതിന്റെ വീഡിയോ പരിശോധിക്കാം. ചെയറിനെ ആവശ്യമില്ലാതെ ബുദ്ധിമുട്ടിക്കരുത്. പ്ലീസ്....., പ്ലീസ്..... ഇവിടെ നിന്നും കൈ കാണിച്ചിരുന്നുവെങ്കിൽ ഞാൻ അനുവദിക്കുമായിരുന്നു. ഇവിടെ നിന്നും ആരാണ് കൈ കാണിച്ചത്; ആരും കൈ കാണിച്ചില്ല. എനിക്ക് സഭ നടത്തിക്കൊണ്ടുപോകണം, ചെയറിന്റെ ഉത്തരവാദിത്വം അതാണ്. എന്നെക്കൊണ്ട് കൂടുതൽ പറയിപ്പിക്കരുത്. ഇവിടെ ഓർഡിനൻസ് ബിൽ ആകണം, ചർച്ച നടക്കണം, നിയമമാകണം. പിന്നെ, അവിടെ നിന്നുകൊണ്ട് ഒരു പാർട്ടിയുടെ പേര് പറഞ്ഞുകൊണ്ട് മൈക്ക് കൊടുക്കുന്ന കാര്യം ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞു. അതൊന്നും രേഖയിലുണ്ടാവുകയില്ല. അങ്ങനെയൊരു സംഭവം ഇവിടെയുണ്ടായോ; പാർട്ടി നോക്കി മൈക്ക് കൊടുത്തുവെന്ന് ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞത് ശരിയാണോ?

ഇന്ന് സഭയിൽ അവതരിപ്പിക്കുന്ന 2013-ലെ കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി അതോറിറ്റി ബില്ലിന്റെ 13-ാം വകുപ്പ് - വെള്ളത്തിന്റെ വില നിശ്ചയിക്കാനുള്ള അധികാരം - ഒരു പുതിയ അതോറിറ്റിക്ക് നൽകാൻ വ്യവസ്ഥ ചെയ്യുന്നതും ഇത് കേരളാ വാട്ടർ സപ്ലൈ ആന്റ് സിവറേജ് ആക്ട്, 1986-ന്റെ 15-ാം വകുപ്പുപ്രകാരം കേരളാ വാട്ടർ അതോറിറ്റിക്ക് നൽകിയിരിക്കുന്ന അധികാരമാണെന്നും ഒരേ അധികാരത്തോടുകൂടി രണ്ട് സ്റ്റാറ്റ്യൂട്ടറി

സ്ഥാപനങ്ങൾക്ക് നിയമസാധുതയില്ലാത്തതിനാൽ ബിൽ നിയമവിരുദ്ധമാണെന്നതുമാണ് ശ്രീ. എ. കെ. ബാലന്റെ തടസ്സവാദം. 1897-ലെ ജനറൽ ക്ലോസ് ആക്ടിന്റെ സെക്ഷൻ 5 പ്രകാരം, The general rule to be followed in case of conflict between two statutes is that the latter abrogates the earlier......... In other words, a prior special law would yield to a later general law. ഇതിൽ നിന്നും കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി അതോറിറ്റി ബില്ലിലെ വ്യവസ്ഥകൾ മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് override ആണെങ്കിലും ഇപ്പോൾ അവതരിപ്പിക്കുന്ന നിയമത്തിലെ വ്യവസ്ഥ നിലനിൽക്കും. മന്ത്രിയുടെ വിശദീകരണത്തിന്റെയും മേൽപ്പറഞ്ഞ വസ്തുതകളുടെയും അടിസ്ഥാനത്തിൽ ശ്രീ. എ. കെ. ബാലന്റെ തടസ്സവാദം തള്ളുന്നു. മന്ത്രിക്ക് ബിൽ അവതരിപ്പിക്കാൻ അനുമതി നൽകുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് ബിൽ അവതരിപ്പിക്കാവുന്നതാണ്.